(ബി) എന്തെല്ലാം ഉദ്ദേശലക്ഷ്യങ്ങളാണ് പദ്ധതിവഴി കൈവരിക്കാൻ ഉദ്ദേശിക്കുന്നത് ;

(സി) പദ്ധതി നടപ്പിലാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. എ. പി. അനിൽ കുമാർ):

(എ) ഉണ്ട്.

(ബി) പ്രമുഖ ടൂറിസ്റ്റ് കേന്ദ്രങ്ങളുടെ സമഗ്ര ശുചിത്വവും ഇതിലൂടെ ടൂറിസ്റ്റുകൾക്ക് ശുചിത്വവും സമ്പൂർണ്ണവും ആരോഗ്യപരവുമായ വിനോദസഞ്ചാരം ഉറപ്പുവരുത്താനാണ് ഉദ്ദേശിക്കുന്നത്.

(സി) " Sewage Treatment Plant" (STP) ആവശ്യമുള്ള ഡെസ്റ്റിനേഷനുകളിൽ ടൂറിസം വകുപ്പ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി സഹകരിച്ച് മാലിന്യ നിർമ്മാർജ്ജനം നടപ്പിലാക്കുന്നതിനായി പ്ലാന്റ് സ്ഥാപിക്കുന്നതിനുള്ള സ്ഥല ലഭ്യത പരിഗണിച്ച് പദ്ധതി നിർദ്ദേശങ്ങൾക്ക് അനുമതി നൽകുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

ഭവനനിർമ്മാണ പദ്ധതി

14 (*74) ശ്രീ. വി. പി. സജീന്ദ്രൻ :
ശ്രീ. ഐ. സി. ബാലകൃഷ്ണൻ :
ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി :
ശ്രീ. ജോസഫ് വാഴയ്ക്കൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഭവനരഹിതരായ പട്ടികജാതിക്കാർക്ക് വീട് നിർമ്മിക്കുവാൻ പദ്ധതി ആരംഭിച്ചിട്ടുണ്ടോ:

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് പദ്ധതിവഴി കൈവരിക്കാൻ ഉദ്ദേശിക്കുന്നത്;

(സി) പദ്ധതി നടത്തിപ്പിനായി ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

LIBRARY ARCHIVES Kerala Legislative Assembly

പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. എ. പി. അനിൽ കുമാർ):

(എ) സംസ്ഥാനത്തെ ഭവനരഹിതരായ പട്ടികജാതിക്കാർക്ക് വീട് നിർമ്മിച്ചു നൽകുന്നതിനുള്ള വിവിധ പദ്ധതികൾ പട്ടികജാതി വികസനം, തദ്ദേശസ്വയം ഭരണം, ഗ്രാമവികസനം എന്നീ വകുപ്പുകളിലൂടെ നടപ്പിലാക്കിവരുന്നുണ്ട്. പട്ടികജാതി വികസന വകുപ്പ് മുഖേന ഭവനരഹിത പുനരധിവാസ പദ്ധതി നടപ്പിലാക്കിവരുന്നു.

(ബി) അർഹരായ മുഴുവൻ പട്ടികജാതിക്കാർക്കും വാസയോഗ്യമായ ഭവനം ഉറപ്പുവരുത്തുക എന്ന ലക്ഷ്യത്തോടുകൂടി ഗ്രാമപ്രദേശങ്ങളിൽ 2 സെന്റും നഗരപ്രദേശങ്ങളിൽ 1.5 സെന്റും ഭൂമി സ്വന്തമായുള്ള 50,000 രൂപയിൽ കവിയാത്ത കുടുംബ വാർഷിക വരുമാനമുള്ള ഭവനരഹിതരായ പട്ടികജാതി വിഭാഗക്കാർക്കാണ് ധനസഹായം അനുവദിക്കുന്നത്. ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ ഭവനനിർമ്മാണ ധനസഹായം 1 ലക്ഷം രൂപയായിരുന്നു. 15-9-2011-ൽ രണ്ട് ലക്ഷം രൂപയായി വർദ്ധിപ്പിച്ചു. തുടർന്ന് 2011-ൽ ടി ധനസഹായം 3 ലക്ഷം രൂപയായി വർദ്ധിപ്പിച്ചുനൽകി. ഈ പദ്ധതി മുഖേന ഭവനനിർമ്മാണത്തിന് താഴെപ്പറയും പ്രകാരം ധനസഹായം നൽകുന്നു:

1. പുതിയ ഭവനനിർമ്മാണത്തിന് 3 ലക്ഷം രൂപ ഗുണഭോക്താക്കൾക്ക് അനുവദിക്കുന്നു.

2. 2007-08 സാമ്പത്തിക വർഷം മുതൽ വകുപ്പിൽനിന്നും ഭവന നിർമ്മാണത്തിന് ഭാഗികമായി ധനസഹായം കൈപ്പറ്റുകയും ഭവനനിർമ്മാണം പൂർത്തീകരിക്കാത്തതുമായ വീടുകളുടെ നിർമ്മാണം പൂർത്തീകരിക്കുന്നതിന് നിലവിലുള്ള നിരക്കിന് ആനുപാതികമായി അവശേഷിക്കുന്ന ഗഡുക്കൾ സ്പിൽ ഓവർ പദ്ധതിയിൻകീഴിൽ നൽകിവരുന്നു.

3. 7 വർഷത്തിൽ കൂടുതലും 25 വർഷത്തിൽ കുറവും കാലപ്പഴക്കമുള്ള വീടുകൾക്ക് ഭവനപുനരുദ്ധാരണം/അഡീഷണൽ റൂം നിർമ്മാണത്തിന് 50,000 രൂപ ധനസഹായം നൽകിവരുന്നു.

4. പട്ടികജാതിയിലെ ദുർബ്ബല സമുദായങ്ങളിൽപ്പെട്ടവർക്ക് ഭവന നിർമ്മാണത്തിന് 3.50 ലക്ഷം രൂപ അനുവദിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(സി) ഭവനനിർമ്മാണ ധനസഹായ പദ്ധതിക്കായി ബഡ്ജറ്റിൽ ഓരോ വർഷവും നിശ്ചിത തുക വകയിരുത്തുന്നുണ്ട്. നടപ്പ് സാമ്പത്തിക വർഷം 180 കോടി രൂപയാണ് ഭവനനിർമ്മാണ ധനസഹായത്തിനും ഭവനപുനരുദ്ധാരണ പദ്ധതിക്കുമായി വകയിരുത്തിയിട്ടുള്ളത്. ഭൗതികലക്ഷ്യത്തിനനുസൃതമായി തുക ചെലവഴിച്ച് പദ്ധതി നടപ്പിലാക്കുന്നതിന് പട്ടികജാതി വികസന വകുപ്പ് ഡയറക്ടർക്ക് അനുമതി നൽകിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ ജില്ലകൾക്ക് ജനസംഖ്യാനുപാതികമായി ഭൗതികലക്ഷ്യം നിശ്ചയിച്ച് തുകയും അനുവദിച്ചുവരുന്നുണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഗ്രാമസഭ/വാർഡ് സഭ ലിസ്റ്റിൽ നിന്നുമാണ് പ്രസ്തുത പദ്ധതികൾക്ക് ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നത്. ഗ്രാമസഭ/വാർഡ് സഭ ലിസ്റ്റ് യഥാസമയം ലഭ്യമാകാത്ത സാഹചര്യങ്ങളിൽ പദ്ധതി സമയബന്ധിതമായി നടപ്പിലാക്കുന്നതിന് അപേക്ഷകരെ പത്രപ്പരസ്യത്തിലൂടെ കണ്ടെത്തി അർഹത പരിശോധിച്ച് ആനുകൂല്യം വിതരണം ചെയ്യുവരുന്നു.

ഉൾനാടൻ ജലാശയ മലിനീകരണം

15 (*75) ശ്രീ. സി. മോയിൻകുട്ടി :

ശ്രീ. എം. ഉമ്മർ :

ശ്രീ. പി. ബി. അബ്ദുൾ റസാക് :

ശ്രീ. എൻ. ഷംസുദ്ദീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പ്രധാന വിനോദസഞ്ചാര ഡെസ്റ്റിനേഷനായ ഉൾനാടൻ ജലാശയങ്ങളുടെ മലിനീകരണവും അതുമൂലമുള്ള ദുർഗന്ധവും, വിനോദസഞ്ചാര മേഖലയിൽ സൃഷ്ടിക്കുന്ന വിപരീത ഫലങ്ങളെക്കുറിച്ച് ഗൗരവപൂർവ്വം പരിശോധിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത വിഷയത്തിനു പരിഹാരം കാണുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും വിവിധ വകുപ്പുകളുടെ ഏകോപനവും പൊതുജന പങ്കാളിത്തവും ആവശ്യമായ സാഹചര്യത്തിൽ അതിനുള്ള നടപടികൾ സ്വീകരിക്കുമോയെന്നും വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly